തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങൾ

1279. [1925] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര തെങ്ങിൻതൈ ഉൽപ്പാദനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത ഉൽപ്പാദനകേന്ദ്രങ്ങൾ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ എത്ര തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ചു ;

(സി) ഇതിൽ എത്ര ലക്ഷം തൈകൾ വിതരണം ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) 19 എണ്ണം

(ബി) 72,28,849 എണ്ണം.

(സി) മുഴുവനും വിതരണം ചെയ്തിട്ടുണ്ട്.

നാഷണൽ സീഡ് കോർപ്പറേഷൻ

1280. [1926] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സീഡ് കോർപ്പറേഷന്റെ എത്ര കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നറിയാമോ ; എങ്കിൽ ഏതെല്ലാം ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ ?

ഉത്തരം

(എ) രണ്ട് കേന്ദ്രങ്ങൾ. റീജിയണൽ ആഫീസ്, തിരുവനന്തപുരത്തും, സബ് ആഫീസ്, കൊച്ചിയിലും.

(ബി) ഗുണമേൻമയുടെ വിത്തുകളുടെ ഉൽപ്പാദനം, പാകപ്പെടുത്തൽ, ഉണക്കൽ, ശേഖരിക്കൽ, വിതരണംനടത്തൽ തുടങ്ങിയവയാണ് പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ.

കീടരോഗബാധ കാരണം വിളനാശം സംഭവിച്ചവർക്ക് സഹായം

1281. [1927] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കീടരോഗ ബാധ കാരണം വിളനാശം സംഭവിച്ചവർക്ക് കൃഷിയിറക്കുന്നതിന് സർക്കാർ എന്തെങ്കിലും സഹായം നൽകുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ഇതിനുവേണ്ടി ചെലവഴിച്ച തുക എത്ര വീതം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില വ്യവസ്ഥകൾക്ക് വിധേയമായി സഹായം നൽകുന്നുണ്ട്.

(ബി) ഉൽപ്പാദനോപാധികളാലും പണമായും നൽകുന്നുണ്ട്.

(സി) നിലവിലുള്ള ഉത്തരവ് അനുശാസിക്കുന്നതുപോലെ കീടരോഗ ബാധമൂലം വ്യാപകമായ കൃഷിനാശം സംഭവിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ സഹായങ്ങളൊന്നും നൽകിയിട്ടില്ല.

ചെല്ലാനം—കുമ്പളങ്ങി പഞ്ചായത്തിലെ കൃഷിനാശം

1282 [1928] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെല്ലാനം—കുമ്പളങ്ങി പഞ്ചായത്തുകളിൽ ഈ വർഷം കടുത്ത നെൽകൃഷി നാശം ഉണ്ടായതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതു സംബന്ധിച്ച് പ്രസ്തുത പ്രദേശത്തെ കർഷകരിൽ നിന്നും ഗവൺമെന്റിന് നിവേദനം കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കിട്ടിയിട്ടുണ്ട് :

(സി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും അർഹതപ്പെട്ട കർഷകർക്ക് സഹായം നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

ചേർത്തല താലൂക്കിലെ കൃഷിനാശം

1283 [1929] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിൽ തുറവർ, വെട്ടക്കൽ, കുത്തിയതോട്, കോടംതുരുത്ത് എന്നീ വില്ലേജുകളിൽ ഇക്കഴിഞ്ഞ വെള്ളപ്പൊക്കത്തെ തുടർന്ന് കൃഷിനാശം സംഭവിച്ചവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയത് ;

(ബി) ഇതിനുവേണ്ടി ഓരോ വില്ലേജുകളിലും ചെലവഴിച്ച തുക എത്ര?

ഉത്തരം

(എ) ആനുകൂല്യങ്ങൾ നൽകിയിട്ടില്ല. കൃഷി നശിച്ച കർഷകർക്ക് ആനുകൂല്യങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly